പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2142 11/06/2018-ൽ മറുപടിക്ക്

## ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.ഒ. ആർ. കേളു | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ജീവിതശൈലി രോഗങ്ങൾ വളരെ ഉയർന്ന തോതിൽ വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലൂടെയും നടന്നു വരുന്നു. 30 വയസിനു മുകളിൽ പ്രായമുള്ള എല്ലാ പേരെയും ജീവിത ശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേക്കു മാറാതെ സംരക്ഷിക്കുക ആരോഗ്യ ബോധവത്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും, ജില്ലാ/ ജനറൽ/താലൂക് ആശുപത്രികളിലും, ജീവിത ശൈലീ രോഗ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയുടെ കീഴിൽ വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സഞ്ചരിക്കുന്ന ജീവിത ശൈലീ രോഗ ക്ലിനിക്കുകളും, പ്രധാന ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റും പക്ഷാഘാത ക്ലിനിക്കുകളും ആരംഭിക്കുന്നതിനു സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തു അർബുദ രോഗം വർധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്തു ജില്ലാ /താലൂക് ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സ നൽകുന്നു. ഗുരുതര ശ്വാസകോശ രോഗങ്ങൾക്കായി (COPD) ശ്വാസ് പദ്ധതിയും, മാനസികാരോഗ്യ ചികിത്സക്കായി 'ആശ്വാസ്' പദ്ധതിയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| ബി) | ഓരോ വീട്ടിലും പ്രമേഹമോ രക്തസമ്മർദ്ദമോ ബാധിച്ച | ബി) | സംസ്ഥാനത്തു ജീവിത ശൈലീ രോഗങ്ങൾ വർധിച്ചു വരികയാണെങ്കിലും ഇത് സംബന്ധമായ പൂർണമായ ഒരു |

| | | | |
|---|---|---|---|
| | ഒരാളെങ്കിലും ഉണ്ടെന്ന ആശങ്കാജനകമായ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ; | | കണക്ക ഇന്ന് നിലവിലില്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജനസംഖ്യാധിഷ്ഠിത ജീവിത ശൈലീ രോഗ നിർണയ പദ്ധതി. ഇതിലൂടെ സംസ്ഥാനത്തെ 30 വയസിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ഫീൽഡ് വർക്കർമാരുടെയും, ആശ വർക്കർമാരുടെയും സഹായത്തോടുകൂടി സ് ക്രീനിങ്ങിനു വിധേയമാക്കി ഒരു ജനസംഖ്യാ അധിഷ്ഠിത രജിസ്റ്റർ തയ്യാറാക്കുന്നതാണ്. ഇപ്പോൾ നാലു ജില്ലകളിൽ ആരംഭിച്ച ഈ പദ്ധതി 14 ജില്ലകളിൽ വ്യാപിപ്പിക്കുന്നതാണ്. |
| സി) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് ആശ്വാസം പകരാനായുള്ള 'മിഠായി' പദ്ധതിയുടെ വിശദാംശം നൽകുമോ? | സി) | ജന്മനാ ഇൻസുലിന്റെ അഭാവം കൊണ്ട് പ്രമേഹം ബാധിക്കുന്ന കുട്ടികളിലെ ടൈപ്പ് വൺ പ്രമേഹത്തിനു ചികിത്സിക്കുന്നതിന് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് 'മിഠായി '. ജീവിത കാലം മുഴുവൻ ചികിത്സ വേണ്ടി വരുന്ന ഈ കുട്ടികൾക്ക് ദിവസേനയുള്ള പരിശോധനയിലും ഇൻസുലിൻ കുത്തിവെപ്പിനാലും ദുരിതമേറിയ ജീവിതം നയിക്കേണ്ടിവരുന്നതും സ്ഥിരമായ പരിശോധനകൾക്കും ഇൻസുലിൻ മരുന്നിന് വേണ്ടി വരുന്ന സാമ്പത്തിക ബാധ്യതയും ഒരു പരിധി വരെ ഒഴിവാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി രൂപ കല്പന ചെയ്തത്.<br>'മിഠായി'യിൽ കുട്ടികൾക്ക് നൽകുന്നത് വേദനയുളവാക്കാത്തതും, എളുപ്പം ഉപയോഗിക്കുവാൻ പറ്റുന്നവയുമായ ആധുനിക പെൻ ഇൻസുലിൻ ആണ്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറഞ്ഞു പോകാൻ തന്നെ സാധ്യത കുറവുള്ള, ഇൻജെക്റ്റ് ചെയ്താൽ 5 മിനിറ്റിനുള്ളിൽ തന്നെ ഭക്ഷണം കഴിക്കുവാൻ സാധിക്കുന്ന, പോക്കറ്റിലോ പെൻസിൽ ബോക്സിലോ ഇട്ടു കൊണ്ട് പോകാൻ കഴിയുന്ന തരത്തിലുള്ളതാണ്, ഐസ് ബോക്സ്, തെർമോ ഫ്ളാസ്ക് എന്നിവ ആവശ്യമില്ല, പഠന സമയം നഷ്ടപ്പെടില്ല എന്നിവയാണ് ഇവയുടെ സവിശേഷതകൾ |

സെക്ഷൻ ഓഫീസർ